കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വോർക്കാടി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

### ജില്ലാ ഓഡിറ്റ് കാര്യാലയം, കസാറഗോഡ്

e-mail : doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.എകെ.എസ്.എ/കെ.എസ്.ഡി.5/140/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് - 671 123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയ്യതി: 17-03-2020.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കസാറഗോഡ്.

പ്രസിഡന്റ് ,

(സെക്രട്ടറി മുഖേന)

വോർക്കാടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വോർക്കാടി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ/കെ എസ് ഡി.5/140/2020. തിയ്യതി: 17-03-2020.

# കാസറഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

*****

കാസറഗോഡ് ജില്ലയിലെ വോർക്കാടി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2018 മുതൽ 22-12-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2018 മുതൽ 31-03-2019വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 5 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 1 ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഉണ്ണി പി കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-12-2019 മുതൽ 31-12-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | (1) ലോകേശ ആചാരി ബി<br>(ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ് )<br>(2) യാദവ കുമാർ സി എച്ച്<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(3) ബാബു എം<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(4) ജനാർദ്ദനൻ സി<br>(സീനിയർ ഗ്രേഡ് ഓഡിറ്റർ) |

**(ബി) നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | പേര് | കാലാവധി | |
| | | മുതൽ | വരെ |
| | ശ്രീ അബ്ദുൾ മജീദ് ബി എ | 01-04-2018 | 31-03-2019 |
| സെക്രട്ടറി | രാജേശ്വരി ബി | 01-04-2018 | 31-03-2019 |

**നിർവ്വഹണ ഉദ്യോഗസ്ഥൻമാർ**

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** | |
|---|---|---|---|
| | | **മുതൽ** | **വരെ** |
| കൃഷി ഓഫീസർ | ദിപിൻ എൻ എം<br>വിനീത് വി വർമ്മ<br>ഷെഫീക് എം | 01-04-2018<br>29-08-2018<br>10-12-2018 | 28-08-2018<br>09-12-2018<br>31-03-2019 |
| വെറ്റി.സർജ്ജൻ | നീതു കെ നായർ<br>ജിഷാ കെ ജേംസ്<br>അഖിൽ കെ | 01-04-2018<br>24-06-2018<br>15-09-2018 | 23-06-2018<br>14-09-2018<br>31-03-2019 |
| വി.ഇ.ഒ | വിന്സെന്റ് | 01-04-2018 | 31-03-2019 |
| മെഡികൽ ഓഫീസർ പി എച്ച് സി വോർക്കാടി | ഡോ പ്രവിണ് ആർ കൃഷ്ണ | 01-04-2018 | 31-03-2019 |
| മെഡികൽ ഓഫീസർ ആയുർവ്വേദ ഡിസ്പെൻസറി വോർക്കാടി | ഡോ രാജാരാമ<br>(മെഡികൽ ഓഫീസർ,ആയുർവ്വേദ ഡിസ്പെൻസറി മീഞ്ച (I/C) | 01-04-2018 | 31-03-2019 |
| മെഡികൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി ബാക്രെബൈലു | ഡോ നമിത പ്രമോദ്<br>(മെഡികൽ ഓഫീസർ മീഞ്ച ഹോമിയോ ഡിസ്പെൻസറി (I/C) | 01-04-2018 | 31-03-2019 |
| ICDS സൂപ്പർവൈസർ | ഷീബ ടി പി | 01-04-2018 | 31-03-2019 |
| ഹെഡ്മാസ്റ്റർ | സുരേഷ് ബംഗേര കെ | 01-04- | 31-03- |

| | | | |
|---|---|---|---|
| | | 2018 | 2019 |
| അസി. എൻജിനിയർ | സതീഷ എം കെ | 01-04-2018 | 31-03-2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ബിപിൻ എസ് ജി<br>ഒഴിവ് (Vacant)<br>രാധാകൃഷ്ണൻ ജി | 01-04-2018<br>16-05-2018<br>10-10-2018 | 15-05-2018<br>09-10-2018<br>31-03-2019 |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1**<br>**പൊതു അവലോകനം** | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾക്ക് തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി ശാരീരിക അവശത തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-13 |
| 14 | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-14 |
| 15 | ഡി & ഒ ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ് | 1-15 |
| 16 | ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല | 1-16 |

| | | |
|---|---|---|
| 17 | തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല | 1-17 |
| 18 | പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല | 1-18 |
| 19 | 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ഒടുക്കിയില്ല | 1-19 |
| 20 | തെരുവ് വിളക്കുക-ളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തുന്നില്ല. | 1-20 |
| 21 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം അപാകത- 11,652 രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. | 1-22 |
| 23 | ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹജരാക്കിയിട്ടില്ല. | 1-23 |
| 24 | TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. | 1-24 |
| 25 | പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. | 1-25 |
| 26 | ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. | 1-26 |
| 27 | ഭവന നവീകരണം-പൂർത്തികരിച്ചിട്ടില്ല. | 1-27 |
| 28 | വ്യക്തിപരമായ ആവശ്യത്തിന് ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിച്ചത് -ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-28 |
| 29 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. | 1-29 |
| 30 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ് | 1-30 |
| 31 | ഹൈമാസ്റ്റ് ലൈറ്റുകൾ -അപാകത | 1-31 |
| 32 | LED തെരുവ് വിളക്കുകൾ-അപാകതക്കൾ | 1-32 |
| 33 | കുടിവെള്ളവിതരണം -അപാകതകൾ | 1-33 |
| 34 | വാഹന രജിസ്റ്ററു സൂക്ഷിക്കുന്നില്ല. | 1-34 |
| 35 | ജാഗ്രതാ സമിതി രൂപീകരിണ്ടതാണ് | 1-35 |
| 36 | മരാമത്ത് പ്രവൃത്തികളുടെ രേഖകൽ പരിശോധനയ്ക്ക് ഹാജരാകിയിട്ടില്ല- | 1-36 |
| 37 | മരാമത്ത് പ്രവൃത്തികളുടെ രേകകൾ പൂർണ്ണമല്ല- | 1-37 |
| 38 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല- | 1-38 |
| 39 | റോഡ് കട്ടിങ്ങ് രസ്റ്റോരേഷൻ ചാർജ് -ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല- | 1-39 |
| 40 | മരാമത്ത് പ്രവൃത്തി – കരാർ ചമച്ചതിൽ കാലതാമസം- | 1-40 |
| | **ഭാഗം 2**<br>**വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** | |

| | | |
|---|---|---|
| | ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 41 | വ്യക്തിപരമായ ആവശ്യത്തിന് ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിച്ചത് -ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-1 |
| 42 | മരാമത്ത് പ്രവൃത്തി - കരാർ ഉടമ്പടിചമച്ചതിൽ കാലതാമസം- | 3-2 |
| | ഭാഗം 4<br>ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | ഡെപ്പോസിറ്റ് വക്കിന് നകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 47 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 48 | ഓഡിറ്റ് റിക്കവറി ഇനത്തിൽ 2018-19 വർഷത്തിൽലഭിച്ച തുകയുടെ വിവരങ്ങൾ | 4-6 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 50 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 54 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 2 |
| 55 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 56 | ബാലൻസ് ഷീറ്റ് | അനുബന്ധം 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

15-03-2018 തീയതിയിലെ 10/18 തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 51,72,380 |
| | |

| | |
|---|---|
| പ്രതീക്ഷിത വരവ് | 14,92,62,380 |
| ആകെ | 15,44,34,760 |
| പ്രതീക്ഷിത ചെലവ് | 14,64,86,200 |
| നീക്കിയിരിപ്പ് | 79,48,560 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 29-05-2019 | ഇല്ല | ഇല്ല |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08-07-2019 മുതൽ 09-07-2019 വരെ | നം.കെ.എസ്.എ/കെ.എസ്.ഡി 3/510/2019 തീയതി 22-07-2019 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 82,48,119 |
| വരവ് | 8,89,40,457 |
| ആകെ | 9,71,88,576 |
| ചെലവ് | 7,29,38,618 |
| നീക്കിയിരിപ്പ് | 2,42,49,958 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ(ACR പ്രകാരം) | 0 | 1,97,98,245 | 1,97,98,245 | 1,97,80,902 | 17,342 |
| വികസന ഫണ്ട് -എസ്.സി.പി(ACR പ്രകാരം) | 0 | 18,65,000 | 18,65,000 | 16,56,766 | 2,08,234 |
| വികസന ഫണ്ട് -ടി.എസ്.പി(ACR പ്രകാരം) | 0 | 17,30,000 | 17,30,000 | 11,11,579 | 6,18,421 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 92,14,000 | 92,14,000 | 92,07,558 | 6,442 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | 0 | 76,95,000 | 76,95,000 | 76,72,753 | 22,247 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | | 0 | 40,58,000 | 40,58,000 | 34,03,144 | 654,856 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 2,52,01,276 | 2,52,01,276 | 2,52,01,276 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7,049 | 6,79,212 | 6,86,261 | 6,72,650 | 13,611 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | PYCKA | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഹരിതകേരളം പദ്ധതി ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 47,74,241 | 47,74,241 | 28,11,267 | 19,62,974 |
| | ജില്ലാ പഞ്ചായത്ത് | 0 | 27,63,239 | 27,63,239 | 13,03,154 | 14,60,085 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 4,20,000 | 4,20,000 | 4,20,000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവര്ക്കുള്ള ഇൻസെന്റീവ് | 0 | 1,75,000 | 1,75,000 | 1,75,000 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 1,71,22,000 | 1,71,22,000 | 1,71,22,000 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | 0 | 11,18,800 | 11,18,800 | 11,18,800 | 0 |
| | വിധവാ പെൻഷൻ | 0 | 1,21,60,000 | 1,21,60,000 | 1,21,60,000 | 0 |
| | അവിവാഹിത പെൻഷൻ | 0 | 39,600 | 39,600 | 39,600 | 0 |
| | വികലാംഗ പെൻഷൻ | 0 | 40,12,100 | 40,12,100 | 40,12,100 | 0 |
| | തൊഴിലില്ലായ്മ വേതനം | 0 | 32,040 | 32,040 | 21,480 | 10,560 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | - | -- | - | - | - |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 0 | 0 | 0 | 0 | 0 |
| | പട്ടികജാതി ഭവന നിർമ്മാണം ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 33,333 | 33,333 | 33,333 | 0 |
| | പെയിൻ & പലിയേറ്റീവ് കെയർ പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 00 | 2,00,000 | 2,00,000 | 1,99,960 | 040 |
| | ഗുണഭോക്തൃവിഹിതം | 0 | 39,65,000 | 39,65,000 | 39,65,000 | 0 |
| | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് | - | - | - | -- | - |

# 1-6 പദ്ധതി അവലോകനം

### ആസൂത്രണ സമിതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2018-19വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾഎന്നിവ ജി.ഒ.(എം.എസ്.) നം. 72/2017 ത. സ്വ. ഭ. വ. തീയതി 29/3/2017 & ജി.ഒ.(എം.എസ്.) നം 10/2017 ത.സ്വ. ഭ. വ. തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യം, വികസനം,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്

### വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്.

### മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

### 2018-19 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ

2018-19 വർഷത്തിൽ മൊത്തം 278 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം അടങ്കൽ തുക 10,59,04,450 രൂപ. എന്നാൽ 186 പദ്ധതികൾ മാത്രമേ നിർവ്വഹണം നടത്തിയിട്ടുള്ളൂ മൊത്തം പദ്ധതി ചെലവ് രൂപ മാത്രമാണ്. മൊത്തം അടങ്കലിന്റെ 55 ശതമാനം മാത്രമാണ് ചെലവ് ചെയ്തത്.

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|
| | | | | | | |

| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | നടപ്പാക്കിത് (എണ്ണം) | | ശതമാ |
|---|---|---|---|---|---|---|
| 278 | 10,59,04,450 | 186 | 5,84,73,978 | - | 92 | 66% |

**നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 7 | 67,16,135 | 6 | 35,49,953 | 52% |
| 2 | വെറ്റി. സർജൻ | 5 | 19,46,000 | 5 | 14,59,970 | 75% |
| 3 | മെഡിക്കൽ ഓഫീസർ, PHC | 4 | 12,75,000 | 2 | 5,53,124 | 43% |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ | 1 | 5,00,000 | 1 | 5,00,000 | 100% |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1,00,000 | 1 | 1,00,000 | 100% |
| 6 | ICDS സൂപ്പർവൈസർ | 8 | 59,85,842 | 5 | 40,89,678 | 68% |
| 7 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 8 | 3,09,91,800 | 8 | 1,61,60,252 | 52% |
| 8 | സെക്രട്ടറി | 17 | 30,16,491 | 12 | 16,22,863 | 53% |
| 9 | ഹെഡ്മാസ്റ്റർ | 10 | 20,05,000 | 8 | 18,78,530 | 93% |
| 10 | അസി. സെക്രട്ടറി | 6 | 6,18,500 | 6 | 6,03,650 | 97% |
| 11 | അസി.എൻജിനിയർ | 211 | 5,27,49,682 | 132 | 2,79,55,958 | 52% |
| | **ആകെ** | **278** | **10,59,04,450** | **186** | **5,84,73,978** | **55%** |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 7,049 | 6,79,212 | 6,86,261 | 6,72,650 | 13,611 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 2,52,01,276 | 2,52,01,276 | 2,52,01,276 | 0 |
| മൊത്തം | 7049 | 2,58,80,488 | 2,58,87,537 | 2,58,73,926 | 13,611 |

| ഇനം | 2018-19 |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 2603 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 1,246 |
| | |

| | |
|---|---|
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1,246 |
| തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 47.86 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 68,750 |
| 100 തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ട കുടുംബങ്ങൾ | 285 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 285 |
| എല്ലാ ബി.പി.എൽ കുടുംബങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടോ ? | ഇല്ല |
| പ്രത്യേക പൗരാവകാശ രേഖ അച്ചടിച്ചിട്ടുണ്ടോ ? | ഇല്ല |
| ആകെ എസ്.സി കുടുംബങ്ങൾ | 201 |
| റജിസ്റ്റർ ചെയ്തത് | 91 |
| ആകെ എസ്.ടി കുടുംബങ്ങൾ | 217 |
| റജിസ്റ്റർ ചെയ്തത് | 117 |

# 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2018-19 | തൊഴിൽരഹിത വേതനം | 6,720 | 7 |
| | കർഷകതൊഴിലാളി പെൻഷൻ | 3,65,600 | 92 |
| | വിധവാ പെൻഷൻ | 40,98,000 | 995 |
| | വാർദ്ധക്യകാല പെൻഷൻ | 57,04,400 | 1,345 |
| | വികലാംഗ പെൻഷൻ | 13,75,200 | 315 |
| | അവിവാഹിത പെൻഷൻ | 13,200 | 4 |
| | വിവാഹ ധനസഹായം | 4,80,000 | 16 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2019ന് 3PMമണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,464രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

<u>(1)ആസ്തികളുടെ പരിപാലനം-</u>

പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങുന്നതിൽ പ്രോക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ്. ആയതിന്റെ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറന്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

**(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-** ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

**(3)മേൽ നോട്ടം-** ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല . ഉദാ- ഓരോദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

**(4)ഫ്രണ്ട് ഓഫീസ് സംവിധാനം-** പി.ആർ എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ദിവസവേതനക്കാരെ ഫ്രണ്ട് ഓഫീസിൽ നിയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്,

**(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-** പരാതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നെണ്ടങ്കിലും ആയത് ആവശ്യക്കാർ ലഭ്യമാവുന്നതരത്തിൽ സൂക്ഷിക്കുന്നില്ല. കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

**(6) ഓഫീസ് യോഗങ്ങൾ-** നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ,സ്റ്റാൻറിങ് കമ്മറ്റിയോഗങ്ങൾ എന്നിവചേരുന്നില്ല.ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ് നടത്തേണ്ടതുമാണ് ,

**(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ –** പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ

സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

**(8) മറ്റ് പ്രസക്തമായവ-** പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിംങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

# 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽഓഡിറ്റ് | 19/05/2015 മുതൽ 01/06/2015 | 2010-11 മുതൽ 2014-15 | LBA/H/18A DTD 16/07/2015 |
| പെർഫോമെൻസ് ഓഡിറ്റ് | 26/12/2019 മുതൽ 27/12/2019 | ജൂലൈ 2019 മുതൽ ഡിസംബർ 2019 | ലഭിച്ചിട്ടില്ല |

# 1-12 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് പരിശോധനാ സാക്ഷ്യപത്രപ്രകാരം പരിഹരിക്കാൻ ബാക്കിയുള്ള അപാകതകൾ

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-19 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.
2. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം തൊഴിൽഇല്ലായ്മ വേതനം ഇനത്തിൽ വരവ് 21,480/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ബിൽ ബുക്ക് പ്രകാരം വരവ് തുക 32,040/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.
3. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-5ൽ Secured Loans ഇനത്തിൽ Secured Loans -Loan from KURDFC ഇനത്തിൽ 74,78,445/-രൂപയാണുള്ളത് . എന്നാൽ ഈ തുകയുടെ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. ഷെഡ്യൂൾ B-4, ഷെഡ്യൂൾ B-9 എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച ഫിക്സഡ് അസ്സറ്റ് തുക 4,77,50,991/-രൂപ ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
6. ബാലൻസ് ഷീറ്റ് B- 11(a)ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക1,81,264/-ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. 31.03.2019 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-16ൽ 440500101 എന്ന ഹെഡിൽ (Prepaid programme Expense)74,78,445/- രൂപ നീക്കിയിരിപ്പ് ആസ്തി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ആസ്തി 31.03.2019 ന് നീക്കിയിരിപ്പില്ല.

8. വസ്തു നികുതി-എ) സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഡ് തിരിച്ചുള്ള സംഗ്രഹം പ്രകാരമുള്ള ഡിമാന്റ്,കലക്ഷൻ, ബാലൻസ് തുക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.
ബി) കുടിശ്ശിക ഡിമാന്റ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത വാർഡ് തിരിച്ചുള്ള സംഗ്രഹ പ്രകാരമുള്ള മുന്നിരിപ്പ്, കൂട്ടിച്ചേർക്കൽ, കുടിശ്ശിക കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9. തൊഴിൽ നികുതി (ജീവനക്കാർ) ഇനത്തിലുള്ള വരവിനത്തിൽ ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഷെഡ്യൂൾ 1-1 പ്രകാരം രേഖപ്പെടുത്തി യിരിക്കുന്ന 5,10,080/-രൂപയും, റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ RP-1പ്രകാരം 4,96,830/-രൂപയും, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല,(തുക5,10,080),ഡിമാന്റ്,കലക്ഷൻ,ബാലൻസ് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10. തൊഴിൽ നികുതി (സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ) ഇനത്തിലുള്ള വരവിനത്തിൽ ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഷെഡ്യൂൾ 1-1 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന 1,74,920/-രൂപയും, റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ RP-1പ്രകാരം 1,66,960/-രൂപയുമാണ്, തൊഴിൽ നികുതി (സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ) ഡിമാന്റ്,കലക്ഷൻ,ബാലൻസ് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11. ഡി&ഒ ലൈസൻസ് ഇനത്തിൽ ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ 45,350/- ഡി & ഒ ലൈസൻസ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 44,550 (വ്യത്യാസം.800/- {45,350–44,550 =800}, ഡിമാന്റ്, കലക്ഷൻ, ബാലൻസ് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12. വാടക രജിസ്റ്റർ പ്രകാരം വാടകയിനത്തിൽ തൻവർഷം കുടിശ്ശിക 11,783/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ബി-15 ഷെഡ്യൂൾ പ്രകാരം 14,783/- രൂപ വാടക കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിക്കാണുന്നു.(വ്യത്യാസം 3,000/-{14,783 – 11,783 = 3000} വാടക രജിസ്റ്റർ പൂർത്തീകരിച്ച് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

13. അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

14. SBI e-Payment അക്കൗണ്ടിൽ വാർഷിക കണക്ക് പ്രകാരം 31.03.2019 തീയ്യതി 59,069/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ ബേങ്ക് സ്റ്റേറ്റ്മെന്റ് പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

# 1-13 തൊഴിൽ നികുതി ശാരീരിക അവശത തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല

2018-19 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയതായി കാണുന്നു. എന്നാൽ ശാരീരിക അവശത സ്ഥിരീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേണിനൊപ്പം ചേർത്തു വെച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | ജീവനക്കാരൻെറ | സ്ഥാപനം | നികുതി അടവാ- |
|---|---|---|---|

| നം. | പേരും തസ്തികയും | | ക്കേണ്ടുന്ന കാലയളവ് |
|---|---|---|---|
| 1. | ജയൻ കെ എ,അസിസ്റ്റന്റ് | കേരള കാർഷിക സർവകലാശാല എക്സ്റ്റൻഷൻ സെൻറർ വോർക്കാഡി | 2018-19,ഒന്നും രണ്ടും അർദ്ധ വർഷം. |
| 2. | മുഹമ്മദ് ,വില്ലേജ് അസിസ്റ്റന്റ് | വില്ലേജ് ഓഫീസ് കൊട്ലമൊഗർ | 2018-19,ഒന്നും രണ്ടും അർദ്ധ വർഷം. |
| 3. | ഉദയകുമാർ പി,വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | വില്ലേജ് ഓഫീസ് കൊട്ലമൊഗർ | 2018-19,ഒന്നും രണ്ടും അർദ്ധ വർഷം. |

ഭാവിയിൽ ഇത്തരം ഇളവുകൾ നൽകുമ്പോൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-14 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്ഥാപന രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. ഴ

# 1-15 ഡി & ഒ ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും , 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2019-20 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

# 1-16 ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി. &ഒ. ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഡി.&ഒ. രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 1-17 തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല

വോർക്കാഡി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, ഡ്രൈവിങ്ങ് സ്കൂളുകൾ, റേഷൻ കടകൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാർ, പഞ്ചായത്തിലെ വിവിധ അംഗൺവാടികളിലെ വർക്കർമാർ,ഹെൽപ്പർമാർ, ഐസിഡിഎസ് സൂപ്പർവൈസർമാർ മുതലായ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ, പഞ്ചായത്തിൻെറ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ മുതലായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. മേൽ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ,പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം) ഇതു കൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല.നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമ പഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമില്ല.എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയ നിരക്കിൽ തന്നെ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു.ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കുശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക.രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടു പോകാനിടയാക്കും.അനധികൃത നിർമ്മാണങ്ങൾ /മാറ്റം വരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ തടയുന്നതിനും കെട്ടിടത്തിൻെറ യഥാർത്ഥ ഘടനയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി

ഈടാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഫീൽഡ് തല പരിശോധനകൾ കൂടുതലായി നടത്തേണ്ടതാണ്.

## 1-19 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് ഒടുക്കിയില്ല

സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ, തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 ൽ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് തുകയായ 89,323.75/-രൂപ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല.

## 1-20 തെരുവ് വിളക്കുക-ളുടെ വൈദ്യുതി ചാർജ്- സംയുക്തമായി പരിശോധന നടത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് (ഹൈമസ്റ്റ ലൈറ്റ് ഉൾപൊടെ) ഇനത്തിൽ 2018-19 ൽ 89,609/ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല-. കത്താത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 1-21 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം അപാകത- 11,652 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്റ്റ് | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം |
| പ്രൊജക്റ്റ് നമ്പർ | 303 / 18-19 |
| അടങ്കൽ തുക | 1,00,000 രൂപ |
| ചെലവ് തുക | 97,100 രൂപ |
| ഫണ്ട് ഇനം | എസ്.സി.പി. |

| ബിൽ നമ്പർ | 7 / 2018-19 തിയ്യതി :25-02-2019 |
|---|---|

പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ എസ്.സി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് മേൽ പദ്ധതി നടപ്പിലാക്കിട്ടുള്ളത്. ടെണ്ടർ പ്രകാരം ആകെ 97,100 രൂപ ചെലവഴിച്ച് ഫിഡ്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 25 വീതം മേശ, കസേര എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയിട്ടുണ്ട്. പദ്ധതി പ്രകാരം 34 വിദ്യാർത്ഥികളുടെ ഗുണഭോക്തൃപ്പട്ടികയാണ് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃപ്പട്ടിക പ്രകാരമുള്ള 34 വിദ്യാർത്ഥികളിൽ നിന്നും മുൻഗണനാക്രമത്തിൽ അർഹതപ്പെട്ട 22 വിദ്യാർത്ഥികൾക്ക് ഒരോ മേശ, കസേര എന്നിവ വീതം വിതരണം ചെയ്തിട്ടുണ്ട്. മൂന്ന് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാൻ വാങ്ങിയ മേശ, കസേര എന്നിവ വിതരണം ചെയ്തിട്ടില്ല.മേശ, കസേര എന്നിവ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ് . അർഹതപ്പെട്ട ഗുണഭോക്താക്കൾ ഇല്ലാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മൂന്ന് വീതം മേശയും കസേരയും അധികമായി വാങ്ങിയിട്ടുള്ളത്. അർഹതപ്പെട്ട ഗുണഭോക്താക്കൾ ഇല്ലാതെ തന്നെ അധികമായി ഫർണ്ണീച്ചറുകൾ വാങ്ങിയത് ധനദുർവിനിയോഗമാണ്. അധികമായി വാങ്ങിയ ഫർണ്ണിച്ചറുകളുടെ തുകയായ 11,652/-രൂപ (മേശ-2942x3=8826+കസേര-942x3=2826ആകെ=11652) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

(ഓഡിറ്റ് എൻക്വയറി നം 02/തിയതി 27-12-2019)

# 1-22 മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ലഭ്യമായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ മോണിറ്ററിംഗ് സമ്പന്ധിച്ച തീരുമാനങ്ങളൊ ചർച്ചയൊ നടന്നതിന്റെ വിവരങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്.

# 1-23 ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ 03/19
ബിൽ നം.5/2019 തി.21.01.2018
ചെലവ്. 1,39,975/-

പദ്ധതിയുടെ പേര്- ഐ.കെ.എം വിഹിതം.
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഈ പദ്ധതി പ്രകാരം ഐ.കെ.എം വിഹിതം ഗ്രാമ പഞ്ചായത്ത് വിഹിതമായി 81,653/- (A/C നം 57047023512) നൽകിയിട്ടുണ്ട് . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ പഞ്ചായത്ത് കരസ്ഥമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റുകയും വിനിയോഗിക്കപ്പെടാത്ത തുക തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# 1-24 TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായ വി.ഇ.ഒ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലല്ല. 12.04.2006 ലെ ജി.ഒ(പി) നം. 177/2006/ ധന ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ്-ചെലവ് വിവരം രേഖപ്പെടുത്തേണ്ടത് TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്കിലാണ്. സർക്കാർ നിർദ്ദേശം പാലിച്ച് നിർദ്ദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-25 പ്രസിഡന്ററിന്ററെ ദുരിദാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി എത്രയും പെട്ടന്ന് രൂപീകരിക്കേണ്ടതാണ്.

# 1-26 ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി പ്രൊ.നം.1/19 ജനറൽ 1,49,36,873/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഭവന നിർമ്മാണമാരംഭിച്ച ജനറൽ 54 പേരിൽ 29 പേർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതും, നിർമ്മാണ പൂർത്തീകരണ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (യൂണിറ്റ് നിരക്ക് ജനറൽ 4,00,000/-)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ബീപാതിമ്മ | 3,60,000 |
| 2 | അബൂബക്കർ | 3,60,000 |
| 3 | സുഹറ | 2,50,000 |
| 4 | രഫിയബാനു | 2,50,000 |
| 5 | നസീമ | 2,00000 |

| | | |
|---|---|---|
| 6 | ദേവകി | 2,50,000 |
| 7 | ഗീത | 2,00000 |
| 8 | ജയലക്ഷ്മി | 3,60,000 |
| 9 | ശാന്തി | 3,60,000 |
| 10 | കൃഷ്ണ | 3,60,000 |
| 11 | ശൈലശ്രീ | 3,10,000 |
| 12 | ഹേമാവതി | 2,50,000 |
| 13 | ആയിഷ | 3,60,000 |
| 14 | കമല | 3,40,000 |
| 15 | സെമിയ | 3,60,000 |
| 16 | കമല | 2,50,000 |
| 17 | ജലജാക്ഷി | 1,20,000 |
| 18 | സരസ്വതി | 2,50,000 |
| 19 | ബാരതി | 2,50,000 |
| 20 | അനിത | 2,50,000 |
| 21 | ഇബ്രാഹിം | 2,50,000 |
| 22 | ദേവകി | 2,50,000 |
| 23 | കദീജമ്മ | 2,50,000 |
| 24 | ബീപാതിമ്മ | 2,00000 |
| 25 | ബഗീരതി | 2,00000 |
| 26 | ബാഗീരതി | 2,01,885 |
| 27 | മമ്താസ് | 2,50,000 |
| 28 | സൈനബ | 1,60,000 |
| 29 | ബീപതിമ്മ | 1,20,000 |

# 1-27 ഭവന നവീകരണം-പൂർത്തികരിച്ചിട്ടില്ല.

പ്രൊ.നം 2/19 വീട് മേൽകുര മാറ്റാൻ ജനരൽ -യൂണിറ്റ് കോസ്റ്റ് 50,000/-

പ്രൊ.നം 144/19 വീട് പുനരുദ്ധാരണം പട്ടിക ജാതി - യൂണിറ്റ് കോസ്റ്റ് 1,00000/-

പ്രൊ.നം 145/19 വീട് പുനരുദ്ധാരണം പട്ടിക വർഗ്ഗം- യൂണിറ്റ് കോസ്റ്റ് 1,00000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ

2018-19 വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതിയിൽ ചുവടെ ചേർത്ത പ്രകാരം 2,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | ഗുണഭോക്താക്കളെ പേര് | മുൻകുർർ നൽകിയ തുക/ | ബാക്കി നൽക്കേണ്ട |
|---|---|---|---|

| നം. | | തിയതി | തുക |
|---|---|---|---|
| 1 | നാരായണ (ജനറൽ) | 25,000/- 25.01.2019 | 25,000/- |
| 2 | ബാബു പൂജാരി (ജനറൽ) | 25,000/- 30.11.2019 | 25,000/- |
| 3 | കൃഷ്ണയ്യ ആചാരി (ജനറൽ) | 25,000/- 25.01.2019 | 25,000/- |
| 4 | കരുണകര ബംഗേര (ജനറൽ) | 25,000/- 30.11.2019 | 75,000/- |
| 5 | സുമതി (പട്ടിക ജാതി) | 50,000/- 27.03.2018 | 50,000/- |
| 6 | നാരായണ നായ്ക്ക് (പട്ടിക വർഗ്ഗം) | 50,000/- 05.05.2018 | 50,000/- |
| 7 | രാമണ്ണ നായ്ക്ക് (പട്ടിക വർഗ്ഗം) | 50,000/- 05.05.2018 | 50,000/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ചുവടെ ചേർത്ത ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് വാല്യുവേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നവീകരണം എത്രയും വേഗം പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനിയറിങ്ങ് വിഭാഗം അസി.എഞ്ചിനിയറെ നിയോഗിച്ച് പരിശോധിച്ച് വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-28 വ്യക്തിപരമായ ആവശ്യത്തിന് ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിച്ചത് -ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വ്യക്തിപരമായ ആവശ്യത്തിന് ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിച്ചത് -ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വോർക്കാഡി ഗ്രാമ പഞ്ചായത്തിലെ 16 ജനപ്രതിനിധികളുടെയും, പഞ്ചായത്ത് തെരഞ്ഞെടുപ്പ് മായി ബന്ധപ്പെട്ട സ്വത്തു വിവര പട്ടികയുടെ അന്വേഷണവുമായി ബന്ധപ്പെട്ട് (Property Staement Case No 111/20018 Notice for Personal appearance) 23.03.2018 ന് ബഹുമാനപ്പെട്ട ലോകായുക്ത കോടതി മുമ്പാകെ നേരിട്ട് ഹാജരാകുന്നതിന് ആവശ്യപ്പെട്ടിരുന്ന പ്രകാരം എല്ലാ അംഗങ്ങളും നേരിൽ ഹാജരാകാൻ ഗ്രാമ പഞ്ചായത്തിൽ നിന്നും തിരുവനന്തപുരത്തേക്കും, 24.04.2018 ന് ( 09.04.2018 ലെ 99/LA/CA2/2018 നമ്പർ കത്ത്) കോഴിക്കോടേക്കും യാത്ര ചെയ്തതിന് യാത്രാ ബത്ത (ടി.എ.) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ യാത്ര പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യത്തിനല്ലാത്തതിനാലും അംഗങ്ങളുടെ വ്യക്തിപരമായ ആവശ്യമായതിനാലും യാത്രാ ബത്ത അനുവദിച്ചത് അനുവദനീയമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | യാത്രാ തിയതി, യാത്രാ തുടങ്ങിയത് | യാത്രാ തിയതി, യാത്രാ തിരികെ വന്നത് | ടി. എ തുക(₹) |
|---|---|---|---|---|
| 1 | അബ്ദുൽ മജീദ് | 22.03.2018 - വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | | | |

| | | | | |
|---|---|---|---|---|
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 2 | ഗീതാകുമാരി | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 3 | രഹമത്ത് | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 4 | ജെസിന്ത | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,288 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 5 | സീത .ഡി | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 6 | സുനീത | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 - കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 7 | ബാരതി | 22.03.2018 - വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 8 | വസന്തി | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 - കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 9 | ഗോപാലകൃഷ്ണ | 22.03.2018 - വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 10 | ഇന്ദിര | 22.03.2018 - വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി | 24.04.2018 – കോഴിക്കോട് മുതൽ | 1,584 |

| | | | | |
|---|---|---|---|---|
| | | മുതൽ കോഴിക്കോട് | വർക്കഡി | |
| 11 | തുളസി കുമാരി | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 12 | അബ്ദുള്ള റഹിമാൻ | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 13 | സദാശിവ | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 26.06.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 14 | ആനന്ദ | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 15 | മൈമൂന | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 16 | പൂർണിമ | 22.03.2018 – വർക്കഡി മുതൽ തിരുവന്തപുരം | 23.03.2018 – തിരുവന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| | | | ആകെ | 77,152 |

യാത്രാ ബത്ത ഇനത്തിൽ 77152/- രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി പ്രകാരം ഈ യാത്രയുമായി ബന്ധപ്പെട്ട ഭരണ സമിതി തീർമ്മനമോ, ഔദ്യോഗികമായ വിഷയത്തിനേുള്ള (ഓഡിറ്റ് എൻക്വയറിനം.3, തിയതി-30.12.2019) യാത്രയോ എന്നുള്ള സർക്കാരിന്റെ കത്തുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. യാത്രാബത്ത ഇനത്തിൽ നൽകിയ 77152/- രൂപ ചെലവഴിച്ചതിനു സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകളോ, മറ്റു രേഖകളോ ഉണ്ടെങ്കിൽ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാത്രാ ബത്ത ഇനത്തിൽ 2019-20 & വർഷം ചെലവഴിച്ച - ആകെ 77,152/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

# 1-29 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക്

വിധേയമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 25 അംഗൻവാടി സെൻ്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം അമൃതം ഫുഡ് സപ്ലിമെൻ്റ് യൂണിറ്റ് മുളിയാർ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 6,346/-കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 4,44,220/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിൻ്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിൻ്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-30 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ ആകെ 25 അംഗൻവാടികളാണുള്ളത് ഇവയിൽ 25 എണ്ണത്തിനും സ്വന്തമായി കെട്ടിടമുണ്ട്. എല്ലാത്തിനും ടോയ്ലറ്റ് സൗകര്യമുണ്ട്. ആകെയുള്ള 25 അങ്കണവാടികളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വയറിങ്ങ് കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്തവ, കെട്ടിടമുള്ളവയിൽ ചുറ്റുമതിൽ ഇല്ലാത്തവ, എന്നിവ ഏർപ്പെടുത്തുവാൻ അവശേഷിക്കുന്നതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നിർവ്വഹണഉദ്യോഗസ്ഥ ലഭ്യമാക്കിയ വിവരങ്ങൾ ഭരണ സമിതിയുടെ അടിയന്തിരശ്രദ്ധയിലേയ്ക്കായി ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ഇനം | എണ്ണം | എണ്ണം |
|---|---|---|---|
| 1 | കുടിവെള്ള സൗകര്യമില്ലാത്തവ | 13 | കജെ പടുപ്പ |
| | | | കള്ളരകട്ടെ |
| | | | പാളൂർ |
| | | | ഉവൈതപടുപ്പ് |
| | | | കത്തരിക്കേടി |
| | | | കെദുമ്പാടി |
| | | | സുന്നംഗള |
| | | | കളിമ്മജ |
| | | | തിമ്മണഗുരി |
| | | | പൊയ്യതബൈൽ |
| | | | വർക്കാടി |
| | | | |

| | | | |
|---|---|---|---|
| | | | അരിബൈൽ |
| | | | പാവൂർ |
| 2 | വൈദ്യുതി കണക്ഷൻ ലഭിക്കാത്തവ | 1 | പൊയ്യതബൈൽ |
| 3 | സ്വന്തമായി കെട്ടിടമുള്ളവയിൽ ഭാഗികമായി ചുറ്റുമതിൽ ഇല്ലാത്തവ | 9 | തലേക്കി |
| | | | ഉദ്യാവരപട്ടുപ്പ് |
| | | | ബോർകള |
| | | | സുങ്കദകട്ടെ |
| | | | തിമംഗുർ |
| | | | സുള്യമെ |
| | | | നെയ്യമൊഗരു |
| | | | പാവൂർ |
| | | | പാവൂർ കോടി |
| 4 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തവ | 25 | സെറ്റർ നമ്പർ 38 മുതൻ 62 വരെയുള്ള അങ്കണവാടികൾ |
| 5 | ബേബി ടായിലേറ്റ് ഇല്ലാതവ | 19 | സെറ്റർ നമ്പർ 38, 39, 40, 41, 42, 43, 44, 46, 47, 50, 51, 52, 54, 55, 57, 58, 59, 60, 62 |

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അംഗൻവാടികളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം സംഘടിപ്പിക്കുകയും ചെയ്യുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം.31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22.03.2011).മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റിനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. അൺഫിറ്റായതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടിയിൽ കുട്ടികളെ പഠിപ്പിക്കുന്നത് അപകടം വിളിച്ച് വരുത്തുന്നതിന് തുല്യമാണ്. അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചവയിൽ വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവയുടെ കാര്യത്തിൽ ആയത് ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും, മറ്റുള്ള അടിസ്ഥാന സൗകര്യങ്ങൾ വരും വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടികളിൽ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 ഹൈമാസ്റ്റ് ലൈറ്റുകൾ -അപാകത

പ്രോജക്ട് നം.313/19
തെരുവ് വിളക്കുകൾ വാങ്ങൾ
നിർവ്വഹണം . സെക്രട്ടറി

വർക്കാടി ഗ്രാമ പഞ്ചായത്തിലെ വിവിധ 14 ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 2018-19 വർഷം പ്രോജക്ടിനായി ആകെ 9,66,963/- രൂപ KREWSഎന്ന സ്ഥാപനത്തിന് (A/C No. 67256868977) നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് പൂർത്തീകരിച്ചിതിന്റെ രേഖകൾ ഫയലുകളിൽ ഇല്ല. ഈ പ്രോജക്ട്ന്റെ മോണിറ്ററിംഗ് കമ്മിറ്റികളുടെ സാക്ഷ്യ പത്രങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, ഗ്രാമ പഞ്ചായത്തിൽ തെരുവ് /ഹൈമാസ്റ്റ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ചുവടെ ചേർത്ത പ്രവൃത്തികൾക്കാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | KREWS ലഭ്യമാകിയ വിളക്കുക്കൾ | തുക |
|---|---|---|---|---|
| 1 | 133/19 | തെരുവ് വിളക്കുകൾ വാങ്ങൾ ഹൈമാസ്റ്റ് തെരുവ് വിളക്ക് സ്ഥാപിക്കൽ | ഹൈമാസ്റ്റ് വിളക്കുകൾ 14 എണ്ണം | 9,66,963/- |
| | | | ആകെ | 9,66,963/- |

ഈ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഏതൊക്കെ സ്ഥലങ്ങളിലാണ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നുള്ള വിവരങ്ങൽ ലഭ്യമാകിയിട്ടുണ്ടെങ്കിളും,കോഡ്ലമോഗൊരു,സൂപിഗുരി,ബൊകരി ജംഗ്ഷൻ, മുണ്ടിമാർ, കുതജെ, ഗുവദപട്ടപ്പ് എന്ന സാഥലങ്ങളിൽ സ്ഥപിച്ച് ഹൈമാസ്റ്റ് വിളക്കുകൾ കത്തുന്നില്ല എന്ന വിവരങ്ങൻ വാർഡ്ഡ് അംഗങ്ങൽ അരിയിച്ച. KREWS എന്ന സ്ഥാപനം സമർപ്പിച്ച 01.02.2019 കരാർ പ്രകാരം LED ഹൈമാസ്റ്റ് ലൈറ്റുകൾക്ക് 24 മാസം വാററ്റി നൽക്കിയിട്ടുണ്ട്. എത്രയും വേഗം കേടായ ഹൈമാസ്റ്റ് ലൈറ്റുകൾ പുന: സ്ഥപിക്കാനുള്ള നടപടിക്കൽ സ്വീകറിക്കേണ്ടതാണ്. ഹൈമാസ്റ്റ് ലൈറ്റുകളുടെ ഗുണനിലവാരം, പ്രോജക്ടുകളുടെ മോണിറ്ററിംഗ് സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ രജിസ്റ്റർ ലഭ്യമാക്കേണ്ടതാണ്.

# 1-32 LED തെരുവ് വിളക്കുകൾ-അപാകതക്കൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1) പ്രൊജക്ട് നം. 305/19
പദ്ധതിയുടെ പേര്. ഗ്രാമപഞ്ചായത്തിലെ പാവൂർ 1൦ം വാർഡിൽ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൾ

ബിൽ നം.15/19/22.02.2019 – 44,002/- രൂപ

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ LED തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. പദ്ധതി പ്രകാരം 25 Watt LED തെരുവ് വിളക്കുകൾ Alluminia Electronics Malappuram നിന്നു വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. വർക്ക് ഓർഡർ പ്രകാരം ആകെ 15 തെരുവ് വിളക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ ആകെ 44,002/-രൂപ Alluminia Electronics Malappuram ന് ഓൺലൈനായി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.918020011232546). ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ തുക നൽകിയതിനാൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം Alluminia Electronics Malappuram ക്ക് ആണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലായിരിക്കണം ഇവ സ്ഥാപിക്കേണ്ടത്.

ഈ തെരുവ് വിളക്കുകൾ പാവൂർ 1ാം വാർഡിലെ എവിടെയൊക്കെ, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു, സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടം ഉണ്ടായിരുന്നുവോ, എന്നിവ സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയ തെരുവ് വിളക്കുകളുടെ രജിസ്റ്റർ അപൂർണമാണ്. LED വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്.എവിടെയൊക്കെ സ്ഥപിച്ചു എന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ എവിടെയൊക്കെ, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നത് സംബന്ധമായ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പ്രോജക്ടിന്റെ പൂർത്തീകരണം, ഭൗതിക നേട്ടങ്ങൾ എന്നിവ കാണിക്കുന്ന പൂർത്തീകരണ സാക്ഷ്യപത്രവും തെരുവ് വിളക്കുകളുടെ ഗുണനിലവാരം പരിശോധന റിപ്പോർട്ട് കൂടി ഹാജരാക്കേണ്ടതാണ്. (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക).

# 1-33 കുടിവെള്ളവിതരണം -അപാകതകൾ

സംസ്ഥാന സർക്കാർ നിർദ്ദേശത്തെ തുടർന്ന് 2019- മെയ് മാസങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 2 വില്ലേജുകളിലായി 29(01.05.2018 മുതൽ 29.05.2018 ദിവസം കുടിവെള്ള വിതരണം നടത്തിയതിന് (11,784.45 കി.മി X 53 = 6,24,576/- 2% IT Deduct 12,492/- ) തനത് ഫണ്ടിൽ നിന്നു 6,24,576/- രൂപ കരാറുകാരനായ പ്രസാദ് എന്നവർക്ക് നൽകിയിട്ടുണ്ട്. (ചെക്ക്.നം......തി.........2018) ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും ലഭിച്ച ടെണ്ടറു രിജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കരാറുകാരൻ ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റുകൾ പ്രകാരം കുടിവെള്ള വിതരണം നടത്തിയിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് അധികൃതരോ റവന്യു അധികൃതരോ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ടെണ്ടർ നിബന്ധനകൾ പ്രകാകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകിയിട്ടില്ല എന്നുള്ള വിവരം താഴെ ചേർക്കുന്നു.

1. ടെണ്ടർ പ്രകാരം 2000 ലിറ്റർ സംഭരണ ശേശിയുള്ള വാട്ടർ ടാങ്ക് വഹിക്കുന്ന 4 വാഹനത്തിലാണോ എന്നത് വ്യക്തമല്ല.
2. വാഹനമോടിക്കുന്ന ഡ്രവരുടെ ലൈസൻസ് പകർപ്പ്,വണ്ടിയുടെ രിജിസ്റ്ററേഷൻ പകർപ്പ ഫയലിൽ ഹാജരാകിയിട്ടില്ല.

3. കുടിവെള്ളവിതരണം ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാനിദ്ധ്യത്തിൽ എന്ന് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാകിയിട്ടില്ല.
4. ജില്ലാ തല റവന്യൂ അധികൃതർക്ക് കുടിവെള്ളവിതരണം സംബന്ധിച്ച മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനവും, ജി.പി.എസ് ലോഗ്ഗം,വാഹനത്തിന്റെ ലോഗ്ഗം ബുക്ക ക്രോസ് മാർക്ക് ചെയ്ത സുതാര്യത ഉറപ്പ് വരുത്തിയ രേഖകൾ ഹാജരാകിയിട്ടില്ല.
5. വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ സ്ഥലത്തിന്റെ വിവരം കൃത്യമായ രേഖകൾ ഹാജരാകിയിട്ടില്ല.

ഇക്കാര്യം പരിശോധിച്ച് കുടിവെള്ള വിതരണത്തിനായി ലഭിച്ച ടെണ്ടർ രേഖകളും, കരാറുകാരൻ നല്കിയ ട്രിപ്പ് ഷീറ്റുകൾ പ്രകാരം കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടെന്നുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ മേൽ പ്രകാരം നടത്തിയ 6,24,576/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-34 വാഹന രജിസ്റ്ററു സൂക്ഷിക്കുന്നില്ല.

ജി.ഒ (എം. എസ് )170 / 07ത .സ്വ .ഭ .വ 30.6.2007പ്രകാരം ഓരോ വാഹനത്തെയും സംബന്ധിച്ച് കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കാർഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. (KL-14.T.6704 Bolero ജീപ്പ്, )

1)ലോഗ് ബുക്ക്

2)പെട്രോൾ ഡീസൽ എന്നിവയുടെ രജിസ്റ്റർ

3) റിപ്പയർ രജിസ്റ്റർ

4)സ്റ്റോക്ക് രജിസ്റ്റർ

5) ഫ്യൂവൽ രജിസ്റ്റർ

എന്നാൽ വാഹനത്തെ സംബന്ധിച്ച ലോഗ്ബുക്ക് മാത്രമേ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളൂ. മറ്റ് രജിസ്റ്ററുകൾ സൂക്ഷീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല. സമയബന്ധിതമായി മൈലേജ് ടെസ്റ്റ നടത്തേണ്ടതാണ്. വാഹനത്തിന്റെ ലോഗ്ബുക്ക്, മൈലേജ് ടെസ്റ്റ് റിപ്പൊർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

# 1-35 ജാഗ്രതാ സമിതി രൂപീകരിണ്ടതാണ്

ഗ്രാമ പഞ്ചായത്തുകളിൽ Go (MS) N0.31/07/SWD Dt.2007 പ്രകാരം ജാഗ്രതാ സമിതി രൂപീകരിണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ജാഗ്രതാ സമിതി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ എത്രയും പെട്ടന്ന് ജാഗ്രതാ സമിതി രൂപീകരിണ്ടതാണ്.ഗ്രാമ പഞ്ചായത്ത് തലത്തിൽ അംഗങ്ങൾ, പ്രസിഡന്റിന്റെ, സി .ഐ /എസ്.ഐ ,വനിതാ പഞ്ചായത്ത് മെമ്പർ, ഒരു വനിതാ ലോയർ, എസ്.സി./എസ്.ടി.വനിതാ സാമൂഹ്യ പ്രതിനിധി ഉൾപൊടെയുള്ള സമിതി രൂപീകരിണ്ടതാണ്.

# 1-36 മരാമത്ത് പ്രവൃത്തികളുടെ രേഖകൽ പരിശോധനയ്ക്ക് ഹാജരാകിയിട്ടില്ല.

2018-19 വർഷത്തെിൽ നിർവ്വഹണം നടത്തിയ താഴെ കാണിച്ച പ്രവൃത്തികളുടെ പ്രോജക്ടുകൾ, ബില്ലുകൾ,

മെഷർമെന്റ് ബുക് , ചെലവുമായി ബന്ധപ്പെട്ട എല്ലാ രേകകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ബിൽ നം/ തീയതി | ചെലവ് തുക | വിശദ വിവരം |
|---|---|---|---|
| 1 | 5/2018-19<br>22-05-2018 | 75,000 | മുട്ടുഞ്ച കുടിവെള്ള പദ്ധതി |
| 2 | 12/2018-19<br>22-05-2018 | 60,000 | തൗഡുഗോളി ബോളപദവ് കുടിവെള്ള പദ്ധതി |
| 3 | 17/2018-19<br>22-05-2018 | 60,000 | കളിമഞ്ച മദക കുടിവെള്ള പദ്ധതി |
| 4 | 23/2018-19<br>22-05-2018 | 72,000 | മൊറത്തണെ ബര്യൽ ഗ്രൗണ്ട് കുടിവെള്ള പദ്ധതി |
| 5 | 53/2018-19<br>15-10-2018 | 44,332 | കാട പൈപ് കൾവർട്ട് |
| 6 | 73/2018-19<br>15-02-2019 | 42,000 | അഡുക്കളകട്ട പൈപ് ലൈൻ എക്സ്റ്റൻഷൻ |
| 7 | 87/2018-19<br>19-01-2019 | 1,93,157 | കൃഷി ഭവൻ മെഷിൻയാർഡ് |
| | ആകെ | 5,46,489 | |

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 5,46,489രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം 4 തിയതി 31-12-2019)

## 1-37 മരാമത്ത് പ്രവൃത്തികളുടെ രേകകൾ പൂർണ്ണമല്ല

2018-19 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികളുടെ ഫയലുകൾ, ചെലവ് സംബന്ധമായ മറ്റ് രേഖകൾ എന്നിവയുടെ സൂക്ഷിപ്പിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഡോക്യുമെന്റേഷനിൽ വരുത്തിയിട്ടുള്ള ഈ വീഴ്ചകൾ കാരണം പ്രവൃത്തികളുടെ ആസൂത്രണ നിർവഹണ ഘട്ടങ്ങളിലെയും മോണിറ്ററിംഗ് ഘട്ടത്തിലെയും വിവിധ പ്രവർത്തനങ്ങളുടെ പൂർണമായ ചിത്രം പഞ്ചായത്തിൽ നിന്നും മനസ്സിലാക്കാനാവുന്നില്ല. വിശദീകരണം താഴെ നൽകുന്നു.

(1) 2018-19 വർഷം നടപ്പിലാക്കിയ മിക്ക പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ അപൂർണമാണ്. എസ്റ്റിമേറ്റിന്റെ ഭാഗമായിരിക്കേണ്ട ലൊക്കേഷൻ/സൈറ്റ് മാപ്പ്, സ്കെച്ചുകൾ, ഡ്രോയിങ്ങുകൾ, എക്സ്ട്രാ ഇനങ്ങളായി ഉൾപ്പെടുത്തുന്ന ഇനങ്ങളുടെ ഡാറ്റ എന്നീ രേഖകൾ ഒരു എസ്റ്റിമേറ്റിനൊപ്പവും ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(2) 2018-19 വർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ രജസ്റ്റർ പൂർണ്ണമല്ല, കരാർ രജസ്റ്റർ പൂർണ്ണമല്ല.

(3) കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

(4) റോഡ് നിർമാണപ്രവൃത്തികൾ/ ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ- ചെയിനേജ് രേഖപ്പെടുത്തുന്നില്ല-

(5) 2018-19 വർഷം നടത്തിയ റോഡ് പ്രവൃത്തികളിൽ ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റിലോ എം ബുക്കിലോ മറ്റേതെങ്കിലും രേഖകളിലോ പ്രവൃത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

(6) മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. 2018-19വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ മിക്ക പ്രവൃത്തികളുടെ ഫയലുകളിലും മോണിറ്ററിങ് കമ്മിറ്റിയുടെ റിപ്പോർട്ട് ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ ഒരു ഘട്ടത്തിലും മോണിറ്ററിംങ്ങിന് നിയുക്തരായ കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടില്ല എന്ന് അനുമാനിക്കുന്നു.

(7) മിക്ക പ്രവൃത്തികളുടെ ഫയലുകളിലും പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല.ചെക്ക് മെഷർമെന്റ് നടത്താതെ പേമെന്റ് നടത്തിയതായി കാണുന്നു. പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രങ്ങളുടെയും അഭാവത്തിൽ പ്രവൃത്തികളുടെ അന്തിമ പേമെന്റുകൾ നടത്തിയത് ശരിയല്ല.

(8) ക്യാഷ് ബുക്ക് അപൂർണം- ക്യാഷ് ബുക്ക് എഴുതാൻ ടി.ആർ 7 എ മാതൃകയിലുള്ള രജിസ്റ്റർ ഉപയോഗിച്ചിട്ടില്ല. ക്യാഷ്ബുക്കിൽ ചെലവുകൾക്ക് വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വൗച്ചറുകളിലും ക്രമ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(9) പ്രവൃത്തികളുടെ പേമെന്റിനായി ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകളുടെ ഓഫീസ് പകർപ്പുകൾ ഫയലിൽ ഉൾക്കൊള്ളിക്കുന്നില്ല. പേമെന്റിനായി ട്രഷറിയിൽ സമർപ്പിക്കുന്ന, ജി.ഒ(പി)നം.46/2006/fin, തിയതി 04.04.2016 പ്രകാരമുള്ള TR-59(E) മാതൃകയിലുള്ള ബില്ലുകളുടെയും ജി.ഒ (പി)നം.177/2006/fin, തിയതി 12.04.2006 ലെ ഖണ്ഡിക 5.2 പ്രകാരമുള്ള അനുമതി പത്രം എന്നിവയുടെ ഓഫീസ് പകർപ്പുകൾ മിക്ക പ്രവൃത്തികളുടെയും ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

(10) തനതു ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ റിക്കവറി തുകകൾ അടച്ചതിന്റെ രേഖകൾ ഇല്ല-

തനതു ഫണ്ട് പ്രവൃത്തികൾ ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ഗ്രോസ് തുകകൾ ചെക്ക് മുഖേന പഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് കുറവു ചെയ്യേണ്ട ആദായ നികുതി, ജി.എസ്.ടി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അതാത് സ്ഥാപനങ്ങളിൽ അടച്ചതിന്റെ രേഖകൾ ഫയലുകളിൽ ഇല്ല.

(11) ആസ്തി രജിസ്റ്റർ അപൂർണം- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ അപൂർണമാണ്. സചിത്ര സോഫ്റ്റ് വെയറിൽ കാലങ്ങളായി ക്രമീകരണങ്ങളും അപ്ഡേഷനും നടത്തിയിട്ടില്ല. എഴുതി സൂക്ഷിച്ചിരുന്ന ആസ്തി രജിസ്റ്ററിലെ വിവരങ്ങളും കാലഹരണപ്പെട്ടിരിക്കുകയാണ്.

(12) ടാർ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
(13) 2018-19 വർഷത്തിൽ കൂടുതൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.എന്നാൽ കുടിവെള്ള പദ്ധതികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, ഈൽഡ് (Yield) റിപ്പോർട്ട്, ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം 4 തീ 31-12-2019)

# 1-38 റോഡ് കണക്ടിവിറ്റി ഭുപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല-

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

# 1-39 റോഡ് കട്ടിങ് രസ്റ്റോരേഷൻ ചാർജ് -ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല-

2018-19 വർഷത്തിൽ റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് 22,77,398 രൂപ വരവ് ഉള്ളതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 22,77,398 രൂപ വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം 5 തീയതി 31-12-2019)

# 1-40 മരാമത്ത് പ്രവൃത്തി - കരാർ ഉടമ്പടിചമച്ചതിൽ കാലതാമസം-

കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 ക്ലോസ് അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകരാൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഈ 10 ദിവസങ്ങളിലും കരാറുകാരൻ കരാർ ഉടമ്പടി ചമക്കുന്നില്ലെങ്കിൽ ഈ ബിഡ് തള്ളി പ്രവൃത്തി നിർവഹണത്തിന് ടെണ്ടറിംഗ് അധികാരിക്ക് തുടർന്നുള്ള ചെറിയ തുക ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്താവുന്നതോ റീ ടെണ്ടർ ചെയ്യാവുന്നതോ ആണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്തതായും ബിഡ് തള്ളുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ എടുക്കാതെ വൈകി കരാർ ചമച്ചതായും വൈകി കരാർ വച്ചതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കാത്തതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, കരാർ തുക, കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴ കൂടാതെ കരാർ ചമക്കാമായിരുന്ന തിയതി | 1% പിഴയോടു കൂടി കരാർ ചമക്കാമായിരുന്ന തിയതി | കരാർ ചമച്ച തിയതി | പിഴ ഈടാക്കാത്തതിനാലുള്ള നഷ്ടം |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| കജെ മുതൽ കജെ നഗർ റോഡ് കോൺക്രീറ്റ് (79/19) 2,00,000രൂപ,മൊയ്തീൻ കുഞ്ഞി | 22-09-2018 | 02-10-2018 | 12-10-2018 | 10-10-2018 | 2,000 |

പിഴ ഈടാക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 2,000രൂപ കരാർ വച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 പരാമർശങ്ങൾ ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 വ്യക്തിപരമായ ആവശ്യത്തിന് ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിച്ചത് -ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വ്യക്തിപരമായ ആവശ്യത്തിന് ജനപ്രതിനിധികൾക്ക് യാത്രാബത്ത അനുവദിച്ചത് -ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വോർക്കാഡി ഗ്രാമ പഞ്ചായത്തിലെ 16 ജനപ്രതിനിധികളുടെയും, പഞ്ചായത്ത് തെരഞ്ഞടുപ്പ് മായി ബന്ധപ്പെട്ട സ്വത്തു വിവര പട്ടികയുടെ അന്വേഷണവുമായി ബന്ധപ്പെട്ട് (Property Staement Case No 111/20018 Notice for Personal appearance) 23.03.2018 ന് ബഹുമാനപ്പെട്ട ലോകായുക്ത കോടതി മുമ്പാകെ നേരിട്ട് ഹാജരാകുന്നതിന് ആവശ്യപ്പെട്ടിരുന്ന പ്രകാരം എല്ലാ അംഗങ്ങളും നേരിൽ ഹാജരാകാൻ ഗ്രാമ പഞ്ചായത്തിൽ നിന്നും തിരുവനന്തപുരത്തേക്കും, 24.04.2018 ന് ( 09.04.2018 ലെ 99/LA/CA2/2018 നമ്പർ കത്ത്) കോഴിക്കോടേയ്ക്കും യാത്ര ചെയ്തതിന് യാത്രാ ബത്ത (ടി.എ.) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ യാത്ര പഞ്ചായത്തിന്റെ ഔദ്യോഗിക ആവശ്യത്തിനല്ലാത്തതിനാലും അംഗങ്ങളുടെ വ്യക്തിപരമായ ആവശ്യമായതിനാലും യാത്രാ ബത്ത അനുവദിച്ചത് അനുവദനീയമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | യാത്രാ തിയതി, യാത്രാ തുടങ്ങിയത് | യാത്രാ തിയതി, യാത്രാ തിരികെ വന്നത് | ടി. എ തുക(₹) |
|---|---|---|---|---|
| 1 | അബ്ദുൽ മജീദ് | 22.03.2018 – വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കാഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കാഡി | 1,584 |
| 2 | ഗീതാകുമാരി | 22.03.2018 – വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കാഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കാഡി | 1,584 |
| 3 | രഹമത്ത് | 22.03.2018 – വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കാഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കാഡി | 1,584 |
| 4 | ജെസിന്ത | 22.03.2018 - വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,288 |
| | | 23.04.2018 – വർക്കാഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കാഡി | 1,584 |
| 5 | സീത .ഡി | 22.03.2018 – വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കാഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കാഡി | 1,584 |
| 6 | സുനീത | 22.03.2018 – വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കാഡി മുതൽ കോഴിക്കോട് | 24.04.2018 - കോഴിക്കോട് മുതൽ വർക്കാഡി | 1,584 |
| 7 | ബാരതി | 22.03.2018 - വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 - തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കാഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കാഡി | 1,584 |
| 8 | വസന്തി | 22.03.2018 – വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കാഡി മുതൽ കോഴിക്കോട് | 24.04.2018 - കോഴിക്കോട് മുതൽ വർക്കാഡി | 1,584 |
| 9 | ഗോപാലകൃഷ്ണ | 22.03.2018 - വർക്കാഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കാഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കാഡി | 24.04.2018 – കോഴിക്കോട് മുതൽ | [illegible] |

| | | | | |
|---|---|---|---|---|
| | | മുതൽ കോഴിക്കോട് | വർക്കഡി | 1,584 |
| 10 | ഇന്ദിര | 22.03.2018 – വർക്കഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 11 | തുളസി കുമാരി | 22.03.2018 – വർക്കഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 12 | അബ്ദുള്ള രഹിമാൻ | 22.03.2018 – വർക്കഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 13 | സദാശിവ | 22.03.2018 – വർക്കഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 26.06.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 14 | ആനന്ദ | 22.03.2018 – വർക്കഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 15 | മൈമൂന | 22.03.2018 – വർക്കഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| 16 | പൂർണിമ | 22.03.2018 – വർക്കഡി മുതൽ തിരുവനന്തപുരം | 23.03.2018 – തിരുവനന്തപുരം മുതൽ വർക്കഡി (IC ഉൾപ്പെടെ) | 3,238 |
| | | 23.04.2018 – വർക്കഡി മുതൽ കോഴിക്കോട് | 24.04.2018 – കോഴിക്കോട് മുതൽ വർക്കഡി | 1,584 |
| | | | ആകെ | 77,152 |

യാത്രാ ബത്ത ഇനത്തിൽ 77152/- രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി പ്രകാരം ഈ യാത്രയുമായി ബന്ധപ്പെട്ട ഭരണ സമിതി തീരുമാനമോ, ഔദ്യോഗികമായ വിഷയത്തിനുള്ള (ഓഡിറ്റ് എൻക്വയറിനം.3, തിയതി-30.12.2019) യാത്രയോ എന്നുള്ള സർക്കാരിന്റെ കത്തുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. യാത്രാബത്ത ഇനത്തിൽ നൽകിയ 77152/- രൂപ ചെലവഴിച്ചതിനു സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകളോ, മറ്റു രേഖകളോ ഉണ്ടെങ്കിൽ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാത്രാ ബത്ത ഇനത്തിൽ 2019-20 & വർഷം ചെലവഴിച്ച - ആകെ 77,152/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ

തിരികെ ഒടുക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തി - കരാർ ഉടമ്പടിചമച്ചതിൽ കാലതാമസം-

കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 ക്ലോസ് അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകരാൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഈ 10 ദിവസങ്ങളിലും കരാറുകാരൻ കരാർ ഉടമ്പടി ചമക്കുന്നില്ലെങ്കിൽ ഈ ബിഡ് തള്ളി പ്രവൃത്തി നിർവഹണത്തിന് ടെണ്ടറിംഗ് അധികാരിക്ക് തുടർന്നുള്ള ചെറിയ തുക ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്താവുന്നതോ റീ ടെണ്ടർ ചെയ്യാവുന്നതോ ആണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്തതായും ബിഡ് തള്ളുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ എടുക്കാതെ വൈകി കരാർ ചമച്ചതായും വൈകി കരാർ വച്ചതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കാത്തതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, കരാർ തുക, കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴ കൂടാതെ കരാർ ചമക്കാ മായിരുന്ന തിയതി | 1% പിഴയോടു കൂടി കരാർ ചമക്കാമായി രുന്ന തിയതി | കരാർ ചമച്ച തിയതി | പിഴ ഈടാക്കാത്ത തിനാലുള്ള നഷ്ടം |
|---|---|---|---|---|---|
| കജെ മുതൽ കജെ നഗർ റോഡ് കോൺക്രീറ്റ് (79/19) 2,00,000രൂപ, മൊയ്തീൻ കുഞ്ഞി | 22-09-2018 | 02-10-2018 | 12-10-2018 | 10-10-2018 | 2,000 രൂപ |

പിഴ ഈടാക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 2,000 രൂപ കരാർ വച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| (1)ബ്ലോക്ക് | 2018-19 | 10,62,500 | നെൽകൃഷിക്ക് കൂലിചെലവ് | 10,62,500 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| (2)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5,00,000 | കിണർറീചാർജ്ജ് | ഇല്ല | 5,00,000 |
| (3)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | പാലിനു സബ്സിഡി | 1,99,881 | 119 |
| (4)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 861741 | ലൈഫ് ഭവനനിർമ്മാണം | 8,41,885 | 19,856 |
| (5)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,50,000 | മാനസിക ശാരീരിവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 | ഇല്ല |
| (6)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 10,00,000 | പഞ്ചായത്ത് മിനി സ്റ്റേഡിയം വികസനം | ഇല്ല | 10,00,000 |
| (7)ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 10,00,000 | ശ്മശാന പുനരുദ്ധാരണം | 5,57,001 | 4,42,999 |
| (8)ജില്ലാ പഞ്ചായത്ത് | 2018-19 | 5,00,000 | കിണർറീചാർജ്ജ് | ഇല്ല | 5,00,000 |
| (9)ജില്ലാ പഞ്ചായത്ത് | 2018-19 | 1,80,000 | പാലിന് സബ്സിഡി | 1,70,089 | 9,911 |
| (10)ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 2,00,000 | ഇല്ല |
| (11)ജില്ലാ പഞ്ചായത്ത് | 2018-19 | 9,83,239 | ലൈഫ് മിഷൻ ഭവനം നിർമ്മാണം | 9,33,065 | 50,174 |
| (12)ജില്ലാ പഞ്ചായത്ത് | 2018-19 | 9,00,000 | പഞ്ചായത്ത് മിനി സ്റ്റേഡിയം വികസനം | ഇല്ല | 9,00,000 |

# 4-2 ഡെപ്പോസിറ്റ് വക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| NIL | NIL | NIL | NIL | NIL | NIL |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയിനത്തിൽലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേർ/ | ഉത്തരവ് നമ്പർ/ | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | തീയ്യതി | | | തുക | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | | 2,38,445 | 2,38,445 | - | - | 2,38,445 |
| LIFE | | 72,40,000 | 72,40,000 | - | - | 72,40,000 |

# 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി ഇനത്തിൽ, 2018-19 വർഷത്തിൽലഭിച്ച തുകയുടെ വിവരങ്ങൾ

ഇല്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,89,40,457 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,29,38,618 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 79,152 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,82,717 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 77,152 | രാജേശ്വരി ബി, പഞ്ചായത്ത് സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | - | 2,000 | സതീശൻ എം കെ,<br>അസി. എഞ്ചിനിയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 11,652 | സുരേഷ് ബംഗേര കെ, ഹെഡ്മാസ്റ്റർ |
| 1-33 | 6,24,576 | രാജേശ്വരി ബി, പഞ്ചായത്ത് സെക്രട്ടറി |
| 1-36 | 5,46,489 | സതീശൻ എം കെ, അസി. എഞ്ചിനിയർ |
| ആകെ | 11,82,717 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

-ഇല്ല-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-37, 1-39 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേശ്വരി ബി,<br>പഞ്ചായത്ത് സെക്രട്ടറി | രാജേശ്വരി ബി,<br>പഞ്ചായത്ത് സെക്രട്ടറി | ലഭ്യമല്ല |
| സതീശൻ എം കെ,<br>അസി. എഞ്ചിനിയർ | ലഭ്യമല്ല | ലഭ്യമല്ല |

(രാജേശ്വരി ബി, പഞ്ചായത്ത് സെക്രട്ടറി, സതീശൻ എം കെ, അസി. എഞ്ചിനിയർ എന്നിവരുടെ സ്ഥിരം മേൽവിലാസം ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്)

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1990-91 &<br>1992-93 | LF/KSD. 5/356/2000, തീയ്യതി 17.12.2002 | 4 |

| | | |
|---|---|---|
| 1993-94 to 1995-96 | LF/KSD. 6/186/2002, തീയ്യതി 17.12.2002 | 1 |
| 1996-97 | LF/KSD. 6/262/2005, തീയ്യതി 03.03.2006 | 2 |
| 1997-98 | LF/KSD. 4/348/06, തീയ്യതി 22.02.2007 | 5 |
| 1998-99 | LF/KSD. 4/523/06, തീയ്യതി 21.03.2007 | 5 |
| 1999-00 | LF/KSD. 4/576/08, തീയ്യതി 15.12.2008 | 3 |
| 2000-01 | LF/KSD. 6/109/2004, തീയ്യതി 11.08.2004 | 8 |
| 2001-02 | LF/KSD. 6/110/2004, തീയ്യതി 11.08.2004 | 10 |
| 1997-98 | LF/KSD. 4/458/2007, തീയ്യതി 01.08.2007 | 16 |
| 1998-99 | LF/KSD. 4/458/2007, തീയ്യതി 08.05.2007 | 16 |
| 1999-00 | LF/KSD. 4/531/2008 തീയ്യതി 29.10.2008/19.09.2009 | 18 |
| 2000-01 (F) | LF/KSD. 4/532/2008 തീയ്യതി 29.10.2008/08.01.2010 | 8 |
| 2002-03 (F) | LF/KSD. 4/598/2009, തീയ്യതി 20.10.2009 | 10 |
| 2003-04 (F) | LF/KSD. 4/597/2009, തീയ്യതി 13.05.2010 | 7 |
| 2004-05 | LF/KSD. 4/225 എ/2012, തീയ്യതി 07.04.2012 | 7 (അനന്തര റിപ്പോർട്ട്) |
| 2005-06 | LF/KSD. 4/186/2013, തീയ്യതി 26.03.2013 | 6 (അനന്തര റിപ്പോർട്ട്) |
| 2006-07 | LF/KSD. 4/567/2012, തീയ്യതി 07.08.2012 | 5 (അനന്തര റിപ്പോർട്ട്) |
| 2007-08 | LF/KSD. 4/202/2013, തീയ്യതി 27.03.2013 | 13 (അനന്തര റിപ്പോർട്ട്) |
| 2008-09 & 2009-10 | LF/KSD. 4/193/2013, തീയ്യതി 29.10.2013 | 12 |
| 2010-11& 2011-12 | LF/KSD. 4/176/2014, തീയ്യതി 01.10.2014 | 13 |
| 2012-13& 2013-14 | LF/KSD. 7/272/2015, തീയ്യതി 31.08.2015 | 12 |
| 2014-15 | KSA/KSD.7/724/2016, തിയതി 21.07.2016 | 7 |
| 2015-16 | KSA/KSD.7/1263/2016, തിയതി 22.12.2016 | 15 |
| 2016-17 | KSA/KSD.7/852/2017, തിയതി 17.07.2017 | 15 |
| 2017-18 | KSA/KSD.5/1401/2018, തിയതി 27.12.2018 | 11 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം: കെ.എസ്.എ/കെ.എസ്.ഡി.5/140/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയ, കാസറഗോഡ് - 671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയ്യതി: 17-03-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വോർക്കാടി ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(12) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-2 ഇൻകം & എക്സ്പൻറിച്ചർ സ്റ്റേറ്റ്മെൻറ്</u>

| Vorkady Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2431826.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 173200.00 |
| 140000000 | Fee & User Charges | I-4(b) | 2737427.00 |
| 150000000 | Sale & Hire Charges | I-5(b) | 386420.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 111912349.00 |
| 171000000 | Interest Earned | I-8 | 272988.00 |
| 180000000 | Other Income | I-9 | 41628.00 |
| | **Total Income** | | **117955838.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8743154.00 |
| 220000000 | Administrative Expenses | I-11(b) | 936986.00 |
| 230000000 | Operations & Maintenance | I-12(b) | 1903297.00 |
| 240000000 | Interest & Finance Charges | I-13 | 27518.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5152749.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42575001.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6369473.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 136763.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 35068980.00 |
| 255000000 | Maintenance Projects | I-14(e) | 10722060.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 41261.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 272000000 | Depreciation | I-17(a) | 5902718.00 |
| | **Total Expenditure** | | **117579960.00** |

| | | | |
|---|---|---|---|
| | **Gross Surplus/ Deficit of income over Expenditure** | | **375878.00** |
| 280000000 | Prior Period Item | I-18 | 611285.78 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-235407.78** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-3 റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Vorkady Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 8168011.00 |
| Cash | Cash | RP-40(a) | 80108.00 |

| | | | |
|---|---|---|---|
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 496830.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 2693077.00 |
| 150000000 | Sale & Hire Charges | RP-5 | 386420.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53605109.00 |
| 171000000 | Interest Earned | RP-9 | 272988.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8743628.00 |
| 350000000 | Other Liabilities | RP-36 | 43723.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 41628.00 |
| 330000000 | Secured Loans | RP-32 | 7478445.00 |
| 340000000 | Deposits Received | RP-34 | 352198.00 |
| 350000000 | Other Liabilities | RP-36 | 318069.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14504842.00 |
| 460000000 | Loans, Advances and Deposits | RP-47 | 3000.00 |
| | **Grand total** | | **97188576.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2833187.00 |
| 220000000 | Administrative Expenses | RP-12 | 936986.00 |
| 230000000 | Operations & Maintenance | RP-13 | 1258748.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5152749.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16639887.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 6318588.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 136763.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 616480.00 |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| Vorkady Grama Panchayat<br>BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 4492316.25 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 725000.00 |
| 312000000 | Reserves | B-3 | 58489850.00 |
| | **Total Reserve & Surplus** | | **63707166.25** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8105893.00 |
| | **Total Grants, Contributions for Specific Purposes** | | **8105893.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 7478445.00 |
| | **Total Loans** | | **7478445.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 552686.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1251026.75 |
| | **Total Current Liabilities and Provisions** | | **1803712.75** |
| | TOTAL LIABILITIES | | **81095217.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 73449503.00 |
| 411000000 | Accumulated Depreciation | B-11 | -25698512.00 |
| 412000000 | Capital Work in Progress | B-11(a) | 181264.00 |
| | | | |

| | | | |
|---|---|---|---|
| | **Total Fixed Assets** | | **47932255.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 20557.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 7478445.00 |
| 450000000 | Cash and Bank Balance | B-17 | 24981332.00 |
| 460000000 | Loans, Advances and Deposits | B-18 | 682628.00 |
| | **Total Current Assets, Loans and Advances** | | **33162962.00** |
| | **Total Current Assets, Loans and Advances** | | **0.0** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **81095217.00** |